# നവകേരള ശിൽപ്പിയുടെ ഓർമകളിൽ കരകുളം നിവാസികൾ

● വിഷ്ണുപ്രസാദ്



► കരകുളത്ത് പഞ്ചായത്തിൽ 1997ലെ ഒന്നാം ജനകീയാസൂത്രണ പദ്ധതിയോടനുബന്ധിച്ച് സംഘടിപ്പിച്ച വികസന സെമിനാറിൽ ഇഎംഎസ് സംസാരിക്കുന്നു (ഫയൽ ചിത്രം)

**തിരുവനന്തപുരം >** കേരളത്തിന്റെ പുതുയുഗപ്പിറവിയുടെ 60-ാം വാർഷികം ആഘോഷിച്ച ദിവസം കരകുളം പഞ്ചായത്ത് നിവാസികൾക്ക് മറ്റൊരു സന്തോഷംകൂടിയുണ്ട്. ആദ്യ മുഖ്യമന്ത്രിയും നവകേരള ശിൽപ്പിയുമായ ഇ എം എസ് തങ്ങളുടെ പഞ്ചായത്തിൽ എത്തിയതിന്റെ ഓർമകൾക്ക് 20 വയസ്സ് തികയുന്ന വർഷവും ഇതാണ്.

1997ൽ ഒന്നാം ജനകീയാസൂത്രണ പദ്ധതിയുടെ വികസന സെമിനാറിൽ പങ്കെടുക്കാനാണ് ഇ എം എസ് ആദ്യമായി പഞ്ചായത്തിലെത്തിയത്. 45 മിനിറ്റ് ജനങ്ങളോട് സംവദിക്കുകയും അവരോട് പദ്ധതി നിർവഹണത്തിനുള്ള ആശയങ്ങൾ ആരായുകയും ചെയ്തശേഷമാണ് അദ്ദേഹം മടങ്ങിയത്. മകനും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമായിരുന്ന ഇ എം ശ്രീധരനും ഒപ്പമുണ്ടായിരുന്നു. കരകുളം ഗവ. യുപിഎസിലായിരുന്നു സെമിനാർ.

'കാർഷിക മേഖലയിൽ പണിയെടുക്കാൻ ആളുകളെ കിട്ടുന്നില്ല. അതേസമയം തൊഴിലില്ലായ്മ കൂടുകയും ചെയ്യുന്നു. എന്താണ് ഇതിന്റെ കാരണം'- സെമിനാറിൽ ഇ എം എസ് ചോദിച്ച ചോദ്യം കരകുളം പഞ്ചായത്ത് ആസൂത്രണസമിതി അംഗമായ ബി വിജയൻനായർ ഇന്നും ഓർക്കുന്നു. 'അന്ന് എനിക്ക് 35 വയസ്സ്. നെടുമങ്ങാട് ബ്ലോക്കിന്റെ ജനകീയാസൂത്രണ പദ്ധതി സന്നദ്ധപ്രവർത്തകനായിരുന്നു ഞാൻ. ഒരു വിദ്യാർഥിയെപ്പോലെ ചോദ്യങ്ങൾ ചോദിക്കുകയും ആചാര്യനെപ്പോലെ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്തുതന്ന ഇ എം എസിനെ പഞ്ചായത്തിലെ ജനങ്ങൾ ഇന്നും ഓർക്കുന്നുണ്ട് - വിജയൻനായർ പറഞ്ഞു.

ഇ എം എസ് സർക്കാരിന്റെ 60-ാംവാർഷികവും അദ്ദേഹം തങ്ങളുടെ പഞ്ചായത്തിൽ വന്നതിന്റെ 20-ാം വാർഷികവും ആചരിക്കുന്ന വേളയിൽ അവർക്ക് സന്തോഷം പകരുന്ന മറ്റൊരു വിശേഷംകൂടിയുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ വാർഡുസഭയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് തെരഞ്ഞെടുത്തതും കരകുളം പഞ്ചായത്തിനെത്തന്നെ. ഉദ്ഘാടനം ചെയ്യാനെത്തിയതാകട്ടെ മുഖ്യമന്ത്രി പിണറായി വിജയൻ.

മൂന്നുതവണ സ്വരാജ് പുരസ്കാരം നേടിയ പഞ്ചായത്താണ് കരകുളം. വികസനപദ്ധതികളിലും ജനകീയാസൂത്രണപദ്ധതികളുടെ നിർവഹണത്തിലും പഞ്ചായത്ത് എന്നും മുന്നിലാണ്.